# അമൃത വിശ്വവിദ്യാപീഠത്തിൽ ദേശീയ ശില്പശാല ഇന്നു തുടങ്ങും

കൊല്ലം: ക്രിപ്റ്റോളജിയെ അടിസ്ഥാനമാക്കി അമൃതപുരിയിലെ അമൃത വിശ്വവിദ്യാപീഠത്തിൽ മൂന്നു ദിവസത്തെ ദേശീയ ശില്പശാല നടത്തുന്നു. സപ്തംബർ 10 ന് ആരംഭിക്കുന്ന ശില്പശാലയിൽ സി.എ.ഐ.ആർ. ഡയറക്ടർ ഡോ.എൻ.സീതാറാം മുഖ്യാതിഥിയായിരിക്കും. അമൃത വിശ്വവിദ്യാപീഠം വൈസ് ചാൻസിലർ ഡോ. പി.വെങ്കിട്ടരംഗൻ അധ്യക്ഷത വഹിക്കും. റിയർ അഡ്മിറൽ എസ്.ബാലചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. 12 നു തീരുന്ന ശില്പശാലയിൽ ബാർക്ക് ഗ്രൂപ്പ് ഡയറക്ടർ ഡോ. ഗോവിന്ദരാജൻ മുഖ്യാതിഥിയായിരിക്കും. ക്രിപ്റ്റോളജി റിസർച്ച് സൊസൈറ്റി ഓഫ് ഇന്ത്യയും ശില്പശാലയിൽ പങ്കാളികളാണ്.